**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് — പഞ്ചായത്ത് ജീവനക്കാര്യം — മലപ്പുറം ജില്ല — വളാഞ്ചേരി ഗ്രാമപഞ്ചായത്തിലെ ജീവനക്കാർക്കെതിരെ സ്വീകരിച്ച അച്ചടക്ക നടപടി തീർപ്പാക്കി — ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.488/2017/തസ്വഭവ തീയതി, തിരുവനന്തപുരം, 20.02.2017

================================================================

പരാമർശം: 1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 05.07.2013-ലെ ഇ 10-(എസ് സി 82/2012/എംപിഎം ) 8036/2013 നമ്പർ കത്ത്

2. സർക്കാരിന്റെ 15.11.2013-ലെ 60551/ഇപിബി3/13/തസ്വഭവ നമ്പർ കുറ്റപത്രം

3. കുറ്റപത്രത്തിന് വളാഞ്ചേരി ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. പി.കെ. ഖാലിദ് 31.01.2014-ലും, മുൻ ജൂനിയർ സൂപ്രണ്ടായ ശ്രീ. ആർ.പി. ഉണ്ണികൃഷ്ണൻ 03.02.2014-ലും, സാനിട്ടറി ഇൻസ്പെക്ടർ ശ്രീ. പിജി. അശോക് കുമാർ 30.01.2014-ലും, സീനിയർ ക്ലാർക്കുമാരായ ശ്രീ. അബ്ദുള്ളക്കുട്ടി 27.01.2014-ലും, ശ്രീ. ശിവകുമാർ എം.ടി.യുടെ തീയതി വയ്ക്കാത്തതും, ശ്രീ. ആർ. രാജേഷ് 30.01.2014-ലും, ഓഫീസ് അറ്റന്റന്റ് ശ്രീ. വിനോദ് കൃഷ്ണൻ പി.പി 30.01.2014-ലും, ഫുൾ ടൈം സ്വീപ്പർമാരായ ശ്രീ. കൃഷ്ണൻ സി. 27.01.2014-ലും, ശ്രീമതി. സി. പി. ജാനകി 27.01.2014-ലും സമർപ്പിച്ച എതിർവാദ പത്രികകൾ

4. പഞ്ചായത്ത് ഡയറക്ടറുടെ 26.05.2015-ലെ ഡി4-46255/2014 നമ്പർ കത്ത്

**ഉത്തരവ്**

വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ വളാഞ്ചേരി ഗ്രാമപഞ്ചായത്തിൽ 29.12.2012-ൽ ആകസ്മിക പരിശോധന നടത്തുകയും ക്രമക്കേടുകൾ കണ്ടതിനെത്തുടർന്ന് കുറ്റാരോപിതരായ ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് പരാമർശം (1) പ്രകാരം സർക്കാരിൽ റിപ്പോർട്ട് സമർപ്പിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വളാഞ്ചേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. പി.കെ. ഖാലിദ്, ജൂനിയർ സൂപ്രണ്ട്, ശ്രീ. ആർ.പി. ഉണ്ണികൃഷ്ണൻ, സാനിട്ടറി ഇൻസ്പെക്ടർ ശ്രീ. പി.ജി. അശോക് കുമാർ, യു.ഡി. ക്ലാർക്കുമാരായ ശ്രീ. എം.എസ്. രാധാകൃഷ്ണൻ, ശ്രീ. രാജേഷ്, ശ്രീ. ശിവകുമാർ എം.റ്റി, ശ്രീമതി. ഷൈലജ പി.എ, ശ്രീ. അബ്ദുള്ളക്കുട്ടി പി, എൽ.ഡി. ക്ലാർക്ക് ശ്രീമതി. രജനി വി.എസ്, ഓഫീസ് അറ്റന്റന്റ് ശ്രീ. വിനോദ് കൃഷ്ണൻ പി.പി., പാർട്ട് ടൈം സ്വീപ്പർമാരായ ശ്രീ. കൃഷ്ണൻ സി., ശ്രീമതി. സി.പി. ജാനകി, എന്നിവർക്ക് പരാമർശം (2) പ്രകാരം കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചു. കുറ്റപത്രത്തിന് ഉദ്യോഗസ്ഥർ പരാമർശം (3) പ്രകാരം സമർപ്പിച്ച എതിർവാദ പത്രികകളിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (4) പ്രകാരം ചുവടെ ചേർക്കുന്ന അഭിപ്രായം ലഭ്യമാക്കി.

**<u>ശ്രീ. പി. അബ്ദുള്ളക്കുട്ടി, യു.ഡി. ക്ലാർക്ക്</u>**

പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ തുക രേഖപ്പെടുത്തിയിട്ടില്ല എന്നതാണ് ടിയാനെതിരെയുള്ള ആരോപണം. കുട്ടിയുടെ അസുഖം കാരണമുള്ള ടെൻഷൻ കൊണ്ടാണ് ഓഫീസിൽ വൈകി വന്നതിനാലാണ് പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ തുക രേഖപ്പെടുത്താൻ വിട്ടുപോയതെന്നാണ് ടിയാന്റെ വാദം. ഇക്കാര്യം പരിശോധിച്ചതിൽ ടിയാൻ വിജിലൻസ് പരിശോധനയ്ക്ക് മുമ്പ് പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ വളരെ അപൂർവ്വമായി മാത്രമാണ് രേഖപ്പെടുത്തിക്കാണുന്നത്. പരിശോധനയ്ക്കു ശേഷം കൃത്യമായി തുക രേഖപ്പെടുത്തിക്കാണുന്നു.

**ശ്രീ. വിനോദ് കൃഷ്ണൻ, ഓഫീസ് അറ്റന്റന്റ്**

പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ തുക രേഖപ്പെടുത്തിയിട്ടില്ല എന്നതാണ് ടിയാനെതിരെയുള്ള ആരോപണം. ഓഫീസിനടുത്താണ് വീട് എന്നുള്ളതിനാലും ഓഫീസിൽ വരുമ്പോൾ ബസ് ചാർജ്ജിനുള്ള തുക മാത്രമേ കൈവശം വയ്ക്കാറുള്ളൂ എന്നതിനാലും ഓഫീസിലെ ജോലിത്തിരക്കുമൂലമാണ് തുക രേഖപ്പെടുത്താത്തത് എന്നുമുള്ള ടിയാന്റെ വാദം അംഗീകരിക്കാവുന്നതല്ല. വിജിലൻസ് പരിശോധനയ്ക്കു ശേഷം കൃത്യമായി തുക എഴുതിയതായി കാണുന്നു.

**ശ്രീ. രാജേഷ്, യു.ഡി. ക്ലാർക്ക്**

പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ തുക രേഖപ്പെടുത്തിയിട്ടില്ല എന്നതാണ് ടിയാനെതിരെയുള്ള ആരോപണം. ഓഫീസിലെ ജോലിത്തിരക്കു കാരണമാണ് പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ തുക രേഖപ്പെടുത്താൻ വിട്ടുപോയതെന്നാണ് ടിയാന്റെ വാദം. ഇക്കാര്യം പരിശോധിച്ചതിൽ ടിയാൻ വിജിലൻസ് പരിശോധനയ്ക്കു മുമ്പ് പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ വളരെ അപൂർവ്വമായി മാത്രമാണ് രേഖപ്പെടുത്തിക്കാണുന്നത്. വിജിലൻസ് പരിശോധനയ്ക്കു ശേഷം കൃത്യമായി തുക രേഖപ്പെടുത്തിക്കാണുന്നു.

**ശ്രീ. എം.ടി. ശിവകുമാർ, സീനിയർ ക്ലാർക്ക്**

പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ തുക രേഖപ്പെടുത്തിയിട്ടില്ല എന്നതാണ് ടിയാനെതിരെയുള്ള ആരോപണം. ഓഫീസിലെ ജോലിത്തിരക്കു കാരണമാണ് പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ തുക രേഖപ്പെടുത്താൻ വിട്ടുപോയതെന്നാണ് ടിയാന്റെ വാദം. ഇക്കാര്യം പരിശോധിച്ചതിൽ ടിയാൻ വിജിലൻസ് പരിശോധനയ്ക്കു മുമ്പ് പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ വളരെ അപൂർവ്വമായി മാത്രമാണ് രേഖപ്പെടുത്തിക്കാണുന്നത്. വിജിലൻസ് പരിശോധനയ്ക്കു ശേഷം കൃത്യമായി തുക രേഖപ്പെടുത്തിക്കാണുന്നു.

**ശ്രീ. സി. കൃഷ്ണൻ, പാർട്ട് ടൈം സ്വീപ്പർ**

പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ തുക രേഖപ്പെടുത്തിയിട്ടില്ല എന്നതാണ് ടിയാനെതിരെയുള്ള ആരോപണം. വളാഞ്ചേരി ഗ്രാമപഞ്ചായത്തിലെ ബസ് സ്റ്റാന്റും നിരത്തും വൃത്തിയാക്കുന്നതിനുള്ള ചുമതലയുണ്ടായിരുന്നതിനാൽ രാവിലെ 7 മണിക്കു തന്നെ ഫീൽഡിൽ പോയി 11 മണിയോടെ മാത്രമേ തിരികെയെത്താറുള്ളൂ എന്നും തിരക്കുകാരണമാണ് തുക രേഖപ്പെടുത്താത്തത് എന്നാണ് ടിയാൻ വാദിക്കുന്നത്. ഇക്കാര്യം പരിശോധിച്ചതിൽ വിജിലൻസ് പരിശോധനയ്ക്കു മുമ്പ് മുഴുവൻ ദിവസങ്ങളിലും തുക രേഖപ്പെടുത്തിയിരുന്നില്ലെങ്കിലും പരിശോധനയ്ക്കു ശേഷം കൃത്യമായി രേഖപ്പെടുത്തിക്കാണുന്നുണ്ട്. രാവിലെ 7 മണിക്കു തന്നെ ഫീൽഡിൽ പോകേണ്ടതുള്ളതിനാൽ തിരക്കു കാരണമാണ് തുക രേഖപ്പെടുത്താത്തത് എന്ന വാദം അംഗീകരിക്കാവുന്നതാണ്.

**ശ്രീമതി. സി.പി. ജാനകി, പാർട്ട് ടൈം സ്വീപ്പർ**

വിജിലൻസ് പരിശോധന സമയത്ത് ഓഫീസിൽ ഹാജരായില്ല എന്നതാണ് ടിയാരിക്കെതിരായ ആരോപണം. ആയതിന് ടിയാരി സമർപ്പിച്ച എതിർവാദ പത്രികയിൽ തന്റെ കുടുംബത്തിൽ ഒരാൾ മരണപ്പെട്ടതിനാൽ അന്നേ ദിവസത്തേക്ക് ലീവ് ലെറ്റർ വയ്ക്കാനോ, ഓഫീസിലേക്ക് വിളിച്ചു പറയാനോ സാധിച്ചില്ല എന്ന് അറിയിച്ചിരിക്കുന്നു. ഇക്കാര്യം പരിശോധിച്ചതിൽ ടിയാൾക്ക് ആകസ്മികാവധി അനുവദിച്ചതായി കാണുന്നു. ആയതിനാൽ ടിയാളുടെ അപേക്ഷ പരിഗണിക്കാവുന്നതാണ്.

**ശ്രീ. എം.എസ്. രാധാകൃഷ്ണൻ, യു.ഡി. ക്ലാർക്ക്**

വിജിലൻസ് പരിശോധന സമയത്ത് ഓഫീസിൽ ഹാജരായില്ല എന്നതാണ് ടിയാൾക്കെതിരായ ആരോപണം. ആയതിന് ടിയാൾ സമർപ്പിച്ച എതിർവാദ പത്രികയിൽ അസുഖം കാരണമാണ് ഓഫീസിൽ

ഹാജരാകാൻ സാധിക്കാത്തതെന്നും ആയത് സെക്രട്ടറിയെ വിളിച്ച് പറഞ്ഞിരുന്നതായും പരാമർശിച്ചിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ചതിൽ ടിയാൾക്ക് ആകസ്മികാവധി അനുവദിച്ചതായി കാണുന്നു ആയതിനാൽ ടിയാളുടെ അപേക്ഷ പരിഗണിക്കാവുന്നതാണ്.

**ശ്രീ. പി.ജി. അശോക് കുമാർ, സാനിറ്ററി ഇൻസ്പെക്ടർ**

വിജിലൻസ് പരിശോധന സമയത്ത് ഓഫീസിൽ ഹാജരുണ്ടായിരുന്നില്ല പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ എഴുതിയില്ല ഡി&ഒ ലൈസൻസ് രജിസ്റ്റർ കൃത്യമായി സൂക്ഷിച്ചിട്ടില്ല ഓഫീസ് ഡ്യൂട്ടി സമയത്ത് മദ്യപിച്ചു ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല ലൈസൻസ് അപേക്ഷകളിൽ ശരിയായി അന്വേഷണം നടത്തുന്നില്ല അപേക്ഷകളിൽ സീനിയോറിറ്റി പാലിക്കുന്നില്ല എന്നിവയാണ് ടിയാനെതിരെയുള്ള ആരോപണം.

ആയതിന് ടിയാൾ സമർപ്പിച്ച എതിർവാദ പത്രികയിൽ വിജിലൻസ് പരിശോധന സമയത്ത് ഫീൽഡിൽ പരിശോധനയ്ക്ക് പോയതായിരുന്നുവെന്നും ആയതിനാലാണ് തുക രേഖപ്പെടുത്താത്തതെന്നും, ലൈസൻസ് അപേക്ഷ രജിസ്റ്റർ ഓരോ ആഴ്ചയിലും അവസാന ദിവസം എഴുതി പൂർത്തീകരിക്കാറുള്ളതാണെന്നും പരിശോധന സമയത്ത് മദ്യപിച്ചതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അച്ചടക്ക നടപടി സ്വീകരിച്ച് ഒരു വാർഷിക ഇൻക്രിമെന്റ് തടഞ്ഞുകൊണ്ട് അച്ചടക്ക നടപടി തീർപ്പാക്കിയിട്ടുള്ളതുമാണെന്നും ട്രേഡേഴ്സ് ലിസ്റ്റ് പൂർത്തീകരിച്ചു കൊണ്ടിരിക്കുകയായിരുന്നെന്നും ആയത് നിലവിൽ തയ്യാറാക്കിയിട്ടുണ്ടെന്നും കെട്ടിട നമ്പർ കൃത്യമല്ലാത്തതോ കെട്ടിടം എവിടെയാണെന്ന് ലൊക്കേറ്റ് ചെയ്യാൻ സാധിക്കാത്തതോ കക്ഷികളെ ഫോണിൽ ബന്ധപ്പെട്ടിട്ടും വരാത്തതുമായവയിൽ മാത്രമാണ് ലൈസൻസ് യഥാസമയം നൽകാതിരുന്നതെന്നും സീനിയോറിറ്റി കൃത്യമായി പാലിച്ചിട്ടുണ്ടെന്നും ടിയാൻ വാദിക്കുന്നു.

ഇതു സംബന്ധിച്ച് പരിശോധിച്ചതിൽ ടിയാൻ പരിശോധന ദിവസം രാവിലെ ഓഫീസിൽ ഹാജരായതായും ഉച്ചയ്ക്ക് ശേഷം ആകസ്മികാവധിയിലായിരുന്നതായും കാണുന്നു ആയതിനാൽ ടിയാൻ വിജിലൻസ് പരിശോധനയ്ക്കു മുമ്പും ശേഷവും പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ തുക കൃത്യമായി രേഖപ്പെടുത്തി വരുന്നുണ്ട്. ഡി&ഒ ലൈസൻസ് കൃത്യമായി സൂക്ഷിച്ചിട്ടുള്ളതും ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളതായും കാണുന്നുണ്ട്. അടുത്ത സാമ്പത്തിക വർഷത്തേക്ക് അഡ്വാൻസായി സമർപ്പിച്ചിട്ടുള്ള ഡി&ഒ ലൈസൻസിലെ അപേക്ഷകളിൽ മാത്രമാണ് അന്വേഷണ റിപ്പോർട്ട് ഇല്ലാത്തതായി കാണുന്നത്. ടിയാൻ മദ്യപിച്ച് ഓഫീസിൽ ഹാജരായെന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടിയാനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുകയും ആയത് ടിയാന്റെ ഒരു ഇൻക്രിമെന്റ് തടഞ്ഞുകൊണ്ട് തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്.

**ശ്രീ. ആർ.പി. ഉണ്ണികൃഷ്ണൻ, ജൂനിയർ സൂപ്രണ്ട്**

ജീവനക്കാർ പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ ക്യാഷ് രേഖപ്പെടുത്തുന്നുണ്ടോയെന്ന് പരിശോധന നടത്താതെ മേൽനോട്ടത്തിൽ വീഴ്ച വരുത്തിയെന്നതാണ് ടിയാനെതിരെയുള്ള ആരോപണം. ആയതിന് പരിശോധന സമയത്ത് ഓഫീസിൽ വരാൻ വൈകിയതു കാരണമാണ് തുക രേഖപ്പെടുത്താൻ വിട്ടുപോയതെന്നാണ് ടിയാന്റെ വാദം.

ഇക്കാര്യം പരിശോധിച്ചതിൽ ജീവനക്കാർ പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ തുക രേഖപ്പെടുത്തുന്നുണ്ടോയെന്ന് പരിശോധന നടത്താതെ മേൽനോട്ടത്തിൽ വീഴ്ച വരുത്തിയെന്നതിന് ടിയാൻ മറുപടി സമർപ്പിച്ചിട്ടില്ല ടിയാൻ കൃത്യമായി തുക രേഖപ്പെടുത്താത്തതും ജീവനക്കാർ പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ തുക രേഖപ്പെടുത്തുന്നതിൽ സ്ഥിരമായി വീഴ്ച വരുത്തുന്നത് ശ്രദ്ധിക്കാതിരുന്നതും ടിയാന്റെ ഭാഗത്തുള്ള വീഴ്ചയാണ്. പരിശോധനയ്ക്ക് ശേഷം ജീവനക്കാർ കൃത്യമായി തുക രേഖപ്പെടുത്തുന്നതിനാൽ പിന്നീട് ഇക്കാര്യത്തിൽ ടിയാൻ ശ്രദ്ധിച്ചിരുന്നുവെന്ന് കാണുന്നു ആയതിനാൽ ടിയാന്റെ അപേക്ഷ പരിഗണിക്കാവുന്നതാണ്.

**ശ്രീ. പി.കെ. ഖാലിദ്, സെക്രട്ടറി**

മേൽ നോട്ടത്തിൽ വീഴ്ച വരുത്തിയെന്നതാണ് സെക്രട്ടറിക്കെതിരെയുള്ള ആരോപണം. ഓഫീസ് ജോലിത്തിരക്ക് കാരണമാണ് മേൽനോട്ടത്തിൽ വീഴ്ചയുണ്ടായിട്ടുള്ളതെന്നും വിജിലൻസ് വിഭാഗം കണ്ടെത്തിയ അപാകതകൾ തീർപ്പാക്കിയിട്ടുണ്ടെന്നുമാണ് ടിയാൻ അപേക്ഷയിൽ പരാമർശിച്ചിട്ടുള്ളത്. ആയത് പരിശോധിച്ചതിൽ ജീവനക്കാർ പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ തുക രേഖപ്പെടുത്തുന്നതിൽ സ്ഥിരമായി വീഴ്ച വരുത്തുന്നത് ശ്രദ്ധിക്കാതിരുന്നത് ടിയാന്റെ ഭാഗത്തുള്ള വീഴ്ചയായി കാണാമെങ്കിലും വളാഞ്ചേരി ഗ്രാമപഞ്ചായത്ത് തിരക്കുള്ള പഞ്ചായത്തും നിലവിൽ മുനിസിപ്പാലിറ്റിയാക്കുന്നതിന് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതുമായതിനാൽ തിരക്കു കാരണവും അതനുസരിച്ചുള്ള ജീവനക്കാരുടെ അപര്യാപ്തത കാരണവുമാണ് വീഴ്ച വന്നിട്ടുള്ളത് എന്ന് കരുതുന്നു വിജിലൻസ് പരിശോധനയ്ക്കു ശേഷം ജീവനക്കാർ കൃത്യമായി തുക എഴുതി രേഖപ്പെടുത്തുന്നതിനാൽ ഇക്കാര്യത്തിൽ ടിയാൻ കൃത്യമായി ശ്രദ്ധിക്കുന്നു എന്ന് കാണുന്നു

**ശ്രീമതി. പി.എ. ഷൈലജ, യു.ഡി. ക്ലാർക്ക്**

പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ തുക രേഖപ്പെടുത്തിയിട്ടില്ല എന്നതാണ് ടിയാരിക്കെതിരെയുള്ള ആരോപണം. ഓഫീസിലെ ജോലിത്തിരക്കു കാരണമാണ് പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ തുക രേഖപ്പെടുത്താൻ വിട്ടുപോയതെന്നും വിജിലൻസ് പരിശോധനയ്ക്കുശേഷം കൃത്യമായി തുക രേഖപ്പെടുത്താറുണ്ടെന്നുമാണ് ടിയാരിയുടെ വാദം. ഇക്കാര്യം പരിശോധിച്ചതിൽ ടിയാരി വിജിലൻസ് പരിശോധനയ്ക്കു മുമ്പ് പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ വളരെ അപൂർവ്വമായി മാത്രമാണ് രേഖപ്പെടുത്തിക്കാണുന്നത്. വിജിലൻസ് പരിശോധനയ്ക്കു ശേഷം കൃത്യമായി തുക രേഖപ്പെടുത്തിക്കാണുന്നുണ്ട്.

**ശ്രീമതി. വി.എസ്. രജനി, എൽ.ഡി. ക്ലാർക്ക്**

പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ തുക രേഖപ്പെടുത്തിയിട്ടില്ല എന്നതാണ് ടിയാരിക്കെതിരെയുള്ള ആരോപണം. ഓഫീസിലെ ജോലിത്തിരക്കു കാരണമാണ് പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ തുക രേഖപ്പെടുത്താൻ വിട്ടുപോയതെന്നും വിജിലൻസ് പരിശോധനയ്ക്കുശേഷം കൃത്യമായി തുക രേഖപ്പെടുത്താറുണ്ടെന്നുമാണ് ടിയാരിയുടെ വാദം. ഇക്കാര്യം പരിശോധിച്ചതിൽ ടിയാരി വിജിലൻസ് പരിശോധനയ്ക്കു മുമ്പ് പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ വളരെ അപൂർവ്വമായി മാത്രമാണ് രേഖപ്പെടുത്തിക്കാണുന്നത്. വിജിലൻസ് പരിശോധനയ്ക്കു ശേഷം കൃത്യമായി തുക രേഖപ്പെടുത്തിക്കാണുന്നുണ്ട്.

സർക്കാർ ഇക്കാര്യം ഉദ്യോഗസ്ഥർ സമർപ്പിച്ച എതിർവാദ പത്രികകളുടെയും പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ തുക രേഖപ്പെടുത്തിയിട്ടില്ല എന്നതാണ് യു.ഡി. ക്ലാർക്കുമാരായ ശ്രീ. അബ്ദുള്ളക്കുട്ടി, ശ്രീ. രാജേഷ്, ഓഫീസ് അറ്റന്റന്റ്, ശ്രീ. വിനോദ് കൃഷ്ണൻ, സീനിയർ ക്ലാർക്ക് ശ്രീ. എം.ടി. ശിവകുമാർ, പാർട്ട് ടൈം സ്വീപ്പർ ശ്രീ. സി. കൃഷ്ണൻ എന്നിവർക്കെതിരെയുള്ള ആരോപണം. പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ തുക രേഖപ്പെടുത്തുന്നതിൽ പ്രസ്തുത ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും വീഴ്ച സംഭവിച്ചിട്ടുണ്ടെങ്കിലും വിജിലൻസ് പരിശോധനയ്ക്ക് ശേഷം കൃത്യമായി തുക രേഖപ്പെടുത്തുന്നുണ്ട് എന്നത് പരിഗണിക്കാവുന്നതാണ്. വിജിലൻസ് പരിശോധനാ സമയത്ത് ഓഫീസിൽ ഹാജരുണ്ടായിരുന്നില്ല എന്നതാണ് പാർട്ട് ടൈം സ്വീപ്പർ ശ്രീമതി. സി.പി. ജാനകി, യു.ഡി. ക്ലാർക്ക് ശ്രീ. എം.എസ്. രാധാകൃഷ്ണൻ എന്നിവർക്കെതിരെയുള്ള ആരോപണം. ഒരു ബന്ധു മരിച്ചതിനാലാണ് ശ്രീമതി. ജാനകിയ്ക്ക് ഓഫീസിൽ ഹാജരാകാൻ സാധിക്കാത്തത് എന്ന ടിയാരിയുടെ വാദവും, അസുഖം കാരണമാണ് ശ്രീ. രാധാകൃഷ്ണന് ഓഫീസിൽ ഹാജരാകാൻ സാധിക്കാത്തത് എന്ന ടിയാന്റെ വാദവും പരിഗണിക്കാവുന്നതാണ്.

ശ്രീ. പി.ജി. അശോക് കുമാർ, സാനിട്ടറി ഇൻസ്പെക്ടറുടെ വിഷയത്തിൽ പരിശോധന ദിവസം രാവിലെ ഓഫീസിൽ ഹാജരായതായും ഉച്ചയ്ക്കു ശേഷം ആകസ്മികാവധിയിലായിരുന്നതായും കാണുന്നു ടിയാൻ വിജിലൻസ് പരിശോധനയ്ക്കു മുമ്പും ശേഷവും പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ തുക കൃത്യമായി രേഖപ്പെടുത്തിയതായും ഡി&ഒ ലൈസൻസ് കൃത്യമായി സൂക്ഷിച്ചിട്ടുള്ളതും ട്രേഡേഴ്സ് ലിസ്റ്റ്

തയ്യാറാക്കിയിട്ടുള്ളതായും അടുത്ത സാമ്പത്തിക വർഷത്തേക്ക് അഡ്വാൻസായി സമർപ്പിച്ചിട്ടുള്ള ഡി&ഒ ലൈസൻസിലെ അപേക്ഷകളിൽ മാത്രമാണ് അന്വേഷണ റിപ്പോർട്ട് ഇല്ലാത്തതായി കാണുന്നത്. വിജിലൻസ് പരിശോധനാ ദിവസമായ 29.12.2012-ന് മദ്യപിച്ച് ഓഫീസിൽ ഹാജരായി എന്ന മലപ്പുറം വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഡയറക്ടർ ടിയാനെതിരെ അച്ചടക്ക നടപടി സ്വീകരിച്ച് ടിയാന്റെ ഒരു വാർഷിക ശമ്പള വർദ്ധനവ് സഞ്ചിതഫലത്തോടെയല്ലാതെ തടഞ്ഞ്കൊണ്ട് തീർപ്പാക്കിയിരുന്നു. കെ.സി.എസ്. സി.സി.&എ. റൂൾ പ്രകാരം ഒരേ വിഷയത്തിൽ രണ്ട് അച്ചടക്ക നടപടി സ്വീകരിക്കാൻ സാധ്യമല്ല ആയതിനാൽ ടിയാനെതിരായി വീണ്ടും അച്ചടക്ക നടപടി സ്വീകരിക്കേണ്ടതായി കാണുന്നില്ല

മേൽനോട്ടത്തിൽ വീഴ്ച പറ്റിയെന്നുള്ളതാണ് ശ്രീ. ആർ.പി. ഉണ്ണികൃഷ്ണൻ, ജൂനിയർ സൂപ്രണ്ട്, ശ്രീ. പി.കെ. ഖാലിദ്, സെക്രട്ടറി എന്നിവർക്കെതിരെയുള്ള ആരോപണം. പ്രസ്തുത വീഴ്ചകൾ പരിശോധനയ്ക്കുശേഷം കൃത്യമായി ശ്രദ്ധിക്കുന്നുണ്ടെന്ന വസ്തുതയും വളാഞ്ചേരി ഗ്രാമപഞ്ചായത്ത് തിരക്കുള്ള പഞ്ചായത്തും നിലവിൽ മുനിസിപ്പാലിറ്റിയാക്കുന്നതിന് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതുമായതിനാൽ തിരക്കു കാരണവും അതനുസരിച്ചുള്ള ജീവനക്കാരുടെ അപര്യാപ്തത കാരണവുമാണ് വീഴ്ച വന്നിട്ടുള്ളത് എന്നതും പരിഗണിക്കാവുന്നതാണ്.

മേൽ വസ്തുതകൾ കണക്കിലെടുത്ത് വളാഞ്ചേരി ഗ്രാമപഞ്ചായത്തിലെ ആരോപണ വിധേയരായ ഉദ്യോഗസ്ഥരായ സെക്രട്ടറി ശ്രീ. പി.കെ. ഖാലിദ്, ജൂനിയർ സൂപ്രണ്ട്, ശ്രീ. ആർ.പി. ഉണ്ണികൃഷ്ണൻ, സാനിട്ടറി ഇൻസ്പെക്ടർ ശ്രീ. പി.ജി. അശോക് കുമാർ, യു.ഡി. ക്ലാർക്കുമാരായ ശ്രീ. എം.എസ്. രാധാകൃഷ്ണൻ, ശ്രീ. രാജേഷ്, ശ്രീ. ശിവകുമാർ എം.റ്റി, ശ്രീമതി. ഷൈലജ പി.എ, ശ്രീ. അബ്ദുള്ളക്കുട്ടി പി, എൽ.ഡി. ക്ലാർക്ക് ശ്രീമതി. രജനി വി.എസ്, ഓഫീസ് അറ്റന്റന്റ് ശ്രീ. വിനോദ് കൃഷ്ണൻ പി.പി., പാർട്ട് ടൈം സ്വീപ്പർമാരായ ശ്രീ. കൃഷ്ണൻ സി., ശ്രീമതി. സി.പി. ജാനകി എന്നിവർക്കെതിരെ സ്വീകരിച്ച അച്ചടക്ക നടപടിയിൽ നിന്നും ടിയാളുകളെ കുറ്റവിമുക്തരാക്കി അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ പഞ്ചായത്ത് ഡയറക്ടർ സ്വീകരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എസ്. മോഹൻദാസ്,**

ജോയിന്റ് സെക്രട്ടറി

1. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, വളാഞ്ചേരി ഗ്രാമപഞ്ചായത്ത്, മലപ്പുറം ജില്ല
   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
7. വിജിലൻസ് (ഡി) വകുപ്പ് (12.09.2013-ലെ 8734/ഡി3/2013/വിജി. നമ്പർ കത്ത്,
   യു.ഒ റിമാർക്സ് നം.13544/ഡി3/2016/വിജി. തീയതി 16.01.2017 എന്നിവ പ്രകാരം)
8. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.60551/ഇപിബി3/2013/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ